പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5442 31.10.2016 -ൽ മറുപടിക്ക്.

## പാചക വാതക സിലിണ്ടറിൽ നിന്നുള്ള അപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.ബഷീർ**<br>**ശ്രീ.സി.മമ്മൂട്ടി**<br>**ശ്രീ.ടി. വി. ഇബ്രാഹിം**<br>**ശ്രീ.പാറക്കൽ അബ്ദുല്ല** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) പാചക വാതക സിലിണ്ടറിൽ നിന്നുള്ള അപകടങ്ങൾ വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇത്തരത്തിൽ ചില കേസുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടെങ്കിലും അപകടങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പഴക്കം ചെന്നതും , കാലാനുസൃത പരിശോധനയില്ലാത്തതുമായ സിലിണ്ടറുകളാണ് ഇത്തരത്തിൽ അപകടങ്ങളുണ്ടാക്കുന്നതെന്നത് പരിഗണിച്ച് സംസ്ഥാനത്ത് വിതരണം നടത്തുന്ന സിലിണ്ടറുകളുടെ സുരക്ഷാ പരിശോധന കർശനമാക്കുന്നതിന് നിർദ്ദേശം നൽകുമോ ;<br><br>(സി) നിശ്ചിത കാലപരിധി കഴിഞ്ഞ സിലിണ്ടറുകൾ വിതരണത്തിന് വരുന്നില്ലെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ? | (ബി) & (സി) പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി സിലിണ്ടറുകൾ ബോട്ട് ലിംഗ് പ്ലാന്റുകളിൽ വച്ച് നിയമാനുസൃതമായ പരിശോധനകളിൽ യോഗ്യമെന്ന് കണ്ടെത്തുന്നിവയിൽ മാത്രം പാചകവാതകം നിറയ്ക്കുന്നു. ഇതിനു ശേഷം ബോട്ട് ലിംഗ് പ്ലാന്റുകളിൽ വച്ചും വിതരണ ഏജൻസികളിൽ വച്ചും മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായ പരിശോധനകൾ നടത്തിയതിനു ശേഷം മാത്രമേ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാറുള്ളൂ എന്നും പരിശോധനയിൽ ഉപയോഗ യോഗ്യമല്ല എന്ന് കാണുന്ന സിലിണ്ടറുകൾ യാതൊരു തരത്തിലും ഉപഭോക്താക്കളിൽ എത്തുന്നില്ല എന്ന് ഉറപ്പ് വരുത്താറുണ്ട് എന്നും ഇതു കൂടാതെ ഉപഭോക്താക്കൾക്കായി വിതരണ ഏജൻസികൾ സേഫ്റ്റി ക്ലിനിക്കുകൾ സംഘടിപ്പിക്കുകയും വീടുകളിൽ നിർബന്ധിത പരിശോധനകൾ നടത്തുകയും ചെയ്യാറുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഈ അടുത്ത കാലത്ത് സംസ്ഥാനത്ത് ഉണ്ടായ സിലിണ്ടർ അപകടങ്ങളുടെ പശ്ചാത്തലത്തിൽ ബന്ധപ്പെട്ടവരുമായി സർക്കാർ നടത്തിയ ചർച്ചയിൽ ഉരുത്തിരിയപ്പെട്ട നിർദ്ദേശങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ